# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 10.08.2017-ൽ |
| ചോദ്യം നമ്പർ - 1006 | മറുപടിയ്ക്ക് |

## തീരദേശ റോഡുകളുടെ പ്രവൃത്തികൾക്ക് അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വന്നതിനുശേഷം തീരദേശ റോഡുകളുടെ പ്രവൃത്തി കൾക്കായി എത്ര രൂപയുടെ ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കുമോ; | (എ) തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10.07.2017-ലെ സ.ഉ. (സാധാ) നം.942/2017/പൊ.മ.വ പ്രകാരം KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ (KRFB) ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഓരോ ജില്ലയിലും എത്ര രൂപയുടെ ഭരണാനുമതി നൽകി എന്ന് ജില്ലതിരിച്ച് അറിയിക്കുമോ; | (ബി) തീരദേശ പാതയുടെ ഇൻവെസ്റ്റി ഗേഷൻ പ്രവൃത്തികൾ നടത്തുന്നതി നുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ആയതിനു ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിയാൽ മാത്രമേ ഓരോ ജില്ലയിലുമുള്ള റോഡുകൾക്ക് ചെലവാകുന്ന തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം റോഡുകൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന വിശദ വിവരം നൽകുമോ? | (സി) ഓരോ ജില്ലയിലും വിവിധ റോഡുകൾക്കായി പ്രത്യേകം തുക അനുവദിക്കുന്ന രീതിയിലല്ല പ്രവൃത്തി ഏറ്റെടുക്കുന്നത്. തീരദേശപാത നിർമ്മാണത്തിന് മൊത്തത്തിൽ 6500 കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ